**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3821** **15-07-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഒഴിവുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്ക്, എം.റ്റി.എസ്.ഐ., ഡ്രൈവർ എസ്.ഐ., എം.റ്റി.ഐ. ഡ്രൈവർ, പ്രൊമോട്ടേഡ് എം.ടി.ഒ. എന്നീ വിഭാഗങ്ങളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദാംശം നൽകുമോ; | (എ) | കേരള പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക്ക് പി.സി വിഭാഗത്തിൽ 12 ഒഴിവുകളും, എം.റ്റി.എസ്.ഐ വിഭാഗത്തിൽ 1 ഒഴിവും, ഡ്രൈവർ എസ്.ഐ വിഭാഗത്തിൽ 10 ഒഴിവുകളും, എം.റ്റി.ഐ വിഭാഗത്തിൽ 7 ഒഴിവുകളും, ഇൻസ്പെക്ടർ (എം.റ്റി.ഒ) വിഭാഗത്തിൽ 18 ഒഴിവുകളും ഉൾപ്പടെ ആകെ 48 ഒഴിവുകൾ ഉണ്ട്. എം.റ്റി.ഐ ഡ്രൈവർ, പ്രൊമോട്ടേഡ് എം.റ്റി.ഒ എന്നീ തസ്തികകൾ പോലീസ് വകുപ്പിൽ നിലവിലില്ല. |
| (ബി) | ഡ്രൈവർ വിഭാഗത്തിന് പ്രൊമോഷനായി ലഭിച്ചിട്ടുള്ള എം.ടി.ഒ. തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സബ് ഇൻസ്പെക്ടർ ഡ്രൈവർ തസ്തികയിൽ ഉള്ളവർ എസ്.ഐ കേഡറിൽ പ്രൊബേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നല്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പോലീസിൽ നിലവിലുള്ള മെക്കാനിക്ക് തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (സി) | മെക്കാനിക്ക് പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ 11 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ